KOLLAM RURAL

# കൊല്ലം റൂറൽ പോലീസ്

**പോലീസ് സ്റ്റേഷൻ: ചടയമംഗലം** **തീയതി : 06.09.2022**

# കുപ്രസിദ്ധ മോഷ്ടാവും സഹായിയും ചടയമംഗലം പോലീസിന്റെ പിടിയിൽ

ചടയമംഗലം: തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ വിവിധ സ്റ്റേഷൻ അതിർത്തികളിൽ മോഷണം നടത്തി വന്ന പ്രതിയും സഹായിയും ചടയമംഗലം പോലീസിന്റെ പിടിയിലായി. ചടയമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട നിലമേൽ കണ്ണംകോട് ഉള്ള വീട്ടിൽ കയറി 01.09.2022 തീയതി ഗൃഹനാഥയേയും മകനേയും ഭീഷണിപ്പെടുത്തിയും ദേഹോപദ്രവം ഏൽപ്പിച്ചും മോഷണം നടത്തിയ തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ, വെടിവെച്ചാംകോവിൽ, അറപ്പുര വീട്ടിൽ രാധാകൃഷ്ണൻ മകൻ 35 വയസുള്ള രാജേഷ്, ഇയാളെ മോഷണ മുതലുകൾ വിൽക്കുന്നതിനും സ്വർണ്ണാഭരണങ്ങൾ പണയം വയ്ക്കുന്നതിനും സഹായിച്ച തിരുവനന്തപുരം ജില്ലയിൽ മോഡൽസ്കൂൾ ജംഗ്ഷനിൽ രാജാജി നഗർ ഫ്ളാറ്റിൽ നിന്നും വെള്ളായണി ശാന്തിവിള പാൽ സൊസൈറ്റിയ്ക്ക് സമീപം താമസിക്കുന്ന സോമൻ മകൻ 46 വയസുള്ള സുഭാഷ് എന്നയാളെയും ചടയമംഗലം പോലീസ് അറസ്റ്റു ചെയ്തു. പ്രതിയായ രാജേഷിന് കൊല്ലം ജില്ലയിലെ പൂയപ്പള്ളി, ചാത്തന്നൂർ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കോവളം എന്നീ സ്റ്റേഷനുകളിൽ മോഷണ കേസ്സുകൾ നിലവിലുണ്ട്. പകൽ സമയങ്ങളിൽ ഒറ്റയ്ക്കു കറങ്ങി നടന്ന് ആളില്ലാത്തതും




ആഡംബരമുള്ളതുമായ വീടുകൾ കണ്ടെത്തി പ്രതി വളരെ വിദഗ്ധമായി പരിസരത്തു നിന്നും എടുക്കുന്ന കുന്താലി, മൺവെട്ടി മുതലായവ ഉപയോഗിച്ച് ഞൊടിയിടകൊണ്ട് വീടുകളുടെ മുൻവാതിൽ പൊളിച്ച് അകത്തു കയറി മോഷണം നടത്തിമടങ്ങുന്ന രീതിയാണ് രാജേഷ് സ്വീകരിച്ചിരിക്കുന്നത്. രാത്രി കാലത്ത് പോലീസ് പരിശോധന ഉള്ളതിനാലും അസമയങ്ങളിൽ യാത്രചെയ്യുന്നത് സംശയത്തിനിടയാക്കും എന്നുള്ളതിനാലും ആണ് പ്രതി പകൽ സമയം തെരഞ്ഞെടുത്തിട്ടുള്ളത്. വളരെക്കാലമായി മോഷണം നടത്തി വന്ന പ്രതി പിടിക്കപ്പെട്ടിട്ടില്ലാത്തതും പ്രതിക്ക് ആത്മവിശ്വാസം നൽകി. മോഷണത്തിലൂടെ ലഭിക്കുന്ന പണം ആഭാട ജീവിതത്തിനും കൂടാതെ പെൺ സുഹൃത്തുക്കൾക്കുമായാണ് രാജേഷ് ചെലവിടുന്നത്. രാജേഷിന്റെ മോഷണ മുതലുകളെ സുഭാഷാണ് പണയം വച്ചും വിൽപ്പന നടത്തിയും വർഷങ്ങളായി സഹായിച്ചിരുന്നത് 2017 ൽ പൂയപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിലെ ഇരുനില വീട് കുത്തിപ്പൊളിച്ച് 13 പവൻ മോഷണം നടത്തിയതും, വട്ടപ്പാറ, പള്ളിക്കൽ, ചാത്തന്നൂർ, പൂവാർ

എന്നീ പോലീസ് സ്റ്റേഷൻ പരിധികളിലേയും വിവിധ മോഷണങ്ങളും കൂടാതെ അൻപതിലധികം മോഷണങ്ങളും ഇതുവരെ  രാജേഷ് നടത്തിയതായി സംശയിക്കുന്നു. കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. കെ.ബി രവി IPS അവർകളുടെ നിർദ്ദേശാനുസരണം കൊട്ടാരക്കര DySP G D വിജയകുമാറിന്റെ നേതൃത്വത്തിൽ ചടയമംഗലം ഇൻസ്‌പെക്ടർ SHO ബിജു വി , സബ്ബ് ഇൻസ്‌പെക്ടർ മാരായ മോനിഷ് എം, പ്രിയ പി.എം, മനോജ് , രാജേഷ്, ASI മാരായ ശ്രീകുമാർ, കൃഷ്ണകുമാർ, CPO മാരായ സനൽ, ബിനീഷ്, ജംഷീദ്, അജിത് ,പോലീസ് ഡ്രൈവർ അനീഷ് എന്നിവരടങ്ങിയ സംഘമാണ് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ പ്രതികളെ പിടികൂടിയത്.